"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - 2016-ലെ കേരള നഗര-ഗ്രാമാസൂത്രണ ആക്ട്, വകുപ്പ് 36(8), 2021-ലെ കേരള നഗരഗ്രാമാസൂത്രണ (മാസ്റ്റർപ്ലാനിന്റെ രൂപീകരണവും അനുമതി നല്കലും) ചട്ടങ്ങളിലെ ചട്ടം 22, എന്നിവ പ്രകാരം സുൽത്താൻ ബത്തേരി മാസ്റ്റർപ്ലാനിന് അന്തിമ അനുമതി നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ആർ.ഡി.) വകുപ്പ്**

സ.ഉ.(കൈ) നം.113/2023/LSGD   തീയതി,തിരുവനന്തപുരം, 16-05-2023

---

പരാമർശം:-

1. 16/06/2018 തീയതിയിലെ സ.ഉ.(കൈ)നം.85/2018/എൽ.എസ്.ജി.ഡി.
2. 19/09/2019 തീയതിയിലെ സ.ഉ.(കൈ)നം.119/2019/എൽ.എസ്.ജി.ഡി.
3. 03/12/2019 തീയതിയിലെ 48-ാം നമ്പർ ഗസറ്റ് വിജ്ഞാപനം.
4. സുൽത്താൻ ബത്തേരി നഗരസഭയുടെ 16.11.2022- ലെ 11-ആം നമ്പർ തീരുമാനം
5. സുൽത്താൻ ബത്തേരി നഗരസഭാ സെക്രട്ടറിയുടെ 09/01/2023 തീയതിയിലെ ടിപി 1 -581/2017 നമ്പർ കത്ത്.
6. 12/01/2023 തീയതിയിലെ വയനാട് ജില്ല നഗരാസൂത്രകന്റെ സി 581/2012 നമ്പർ കത്ത്.
7. 06/03/2023 തീയതിയിലെ മുഖ്യനഗരാസൂത്രകന്റെ ടിസിപിസിടിപി/1986/2020-എഫ്2 നമ്പർ കത്ത്.

**ഉത്തരവ്**

പരാമർശം (1), (2) എന്നീ ഉത്തരവുകളുടെ അടിസ്ഥാനത്തിൽ സുൽത്താൻ ബത്തേരി മാസ്റ്റർപ്ലാൻ പരാമർശം (3) പ്രകാരം നഗരസഭ പ്രസിദ്ധീകരിക്കുകയും മാസ്റ്റർപ്ലാനിൻമേലുള്ള ആക്ഷേപങ്ങളും അഭിപ്രായങ്ങളും പൊതുജനങ്ങളിൽ നിന്നും സ്വീകരിക്കുകയും തുടർന്ന്, മാസ്റ്റർപ്ലാനിൻമേൽ ലഭിച്ച ആക്ഷേപങ്ങളും പരാതികളും പരിഗണിക്കുന്നതിനായി രൂപീകരിച്ച സ്പെഷ്യൽകമ്മിറ്റിയുടെ ശിപാർശയുടെയും, നഗരസഭയുടെ തീരുമാനത്തിന്റെയും

അടിസ്ഥാനത്തിൽ പരിഷ്കരിച്ച സുൽത്താൻ ബത്തേരി മാസ്റ്റർപ്ലാൻ, പരാമർശം (4) തീരുമാന പ്രകാരം നഗരസഭാ കൗൺസിൽ അംഗീകരിക്കുകയും, 2016-ലെ കേരള നഗരഗ്രാമാസുത്രണ ആക്റ്റ് വകുപ്പ് 36(7) പ്രകാരം സർക്കാരിന്റെ അന്തിമ അനുമതിക്കായി പരാമർശം (5) മുഖേന നഗരസഭ സെക്രട്ടറി സമർപ്പിക്കുകയും ചെയ്തിരുന്നു. സുൽത്താൻ ബത്തേരി നഗരസഭയ്ക്കായി തയ്യാറാക്കിയ സുൽത്താൻ ബത്തേരി മാസ്റ്റർപ്ലാൻ അംഗീകരിക്കുവാനുള്ള തീരുമാനവും, സർക്കാരിലേക്ക് അയക്കുന്നതിന് ഉണ്ടായ കാലതാമസം സാധൂകരിക്കണമെന്ന അഭ്യർത്ഥനയോടെ അന്തിമ അനുമതിക്കായി സർക്കാരിലേക്ക് അയക്കുന്നതിനുള്ള തീരുമാനവും നഗരസഭ സ്വീകരിച്ചിട്ടുള്ളതാണ്.

(2) ജില്ലയിലെ പ്രത്യേക സാഹചര്യം കണക്കിലെടുത്തും, കേരള നഗരഗ്രാമാസൂത്രണ നിയമം 2016-ലെ ഭേദഗതികളുടെ അടിസ്ഥാനത്തിലും, നഗരസഭയിലെ ദുരന്ത സാഹചര്യങ്ങളെക്കുറിച്ച് മാസ്റ്റർപ്ലാൻ റിപ്പോർട്ടിൽ പ്രത്യേകം പരാമർശിച്ചിട്ടുള്ളതായും വയനാട് ജില്ലാ ടൗൺ പ്ലാനർ പരാമർശം (6) പ്രകാരം അറിയിച്ചിരുന്നു.

(3) 2021-ലെ കേരള നഗരഗ്രാമാസൂത്രണ (മാസ്റ്റർപ്ലാനിന്റെ രൂപീകരണവും അനുമതി നല്കലും) ചട്ടങ്ങളിലെ ചട്ടം 22, 2016-ലെ കേരള നഗരഗ്രാമാസൂത്രണ ആക്റ്റ് വകുപ്പ് 36(8) എന്നിവ പ്രകാരം സർക്കാരിന് സമർപ്പിച്ചിട്ടുള്ള മാസ്റ്റർപ്ലാൻ, ആക്ഷേപങ്ങളും അഭിപ്രായങ്ങളും, എന്തെങ്കിലുമുണ്ടെങ്കിൽ, അവയും അവയിൻമേൽ ബന്ധപ്പെട്ട മുനിസിപ്പൽ കൗൺസിലിന്റെ ശിപാർശകളും, മുഖ്യനഗരാസൂത്രകന്റെ അഭിപ്രായങ്ങളും, പ്രസ്തുത വകുപ്പിൽ പ്രതിപാദിക്കുന്ന കാര്യങ്ങളും പരിഗണിച്ച്, പരിഷ്കരണങ്ങളോടു കൂടിയോ അല്ലാതെയോ മാസ്റ്റർപ്ലാനിന് അനുമതി നൽകാവുന്നതും, മാസ്റ്റർപ്ലാനിന് അനുമതി നൽകിയ വസ്തുത അറിയിച്ചുകൊണ്ട് ഓദ്യോഗിക ഗസറ്റിൽ ഒരു നോട്ടീസ് (ചട്ടം 22 പ്രകാരം ഫോറം VI-ലുള്ള നോട്ടീസ്) പ്രസിദ്ധീകരിക്കാവുന്നതുമാണ്.

(4) ആയതിനാൽ, സുൽത്താൻ ബത്തേരി നഗരസഭയ്ക്കായി തയ്യാറാക്കിയ സുൽത്താൻ ബത്തേരി മാസ്റ്റർപ്ലാനിന്, ആയതു അംഗീകരിക്കുവാനുള്ള മുനിസിപ്പൽ കൗൺസിലിന്റെ ശിപാർശ പരിഗണിച്ചുകൊണ്ട്, അന്തിമ അനുമതിക്കായി മാസ്റ്റർപ്ലാൻ സർക്കാരിലേക്ക് അയക്കുന്നതിന് ഉണ്ടായ കാലതാമസം, കേരള നഗര-ഗ്രാമാസൂത്രണ നിയമം 2016, വകപ്പ് 38 പ്രകാരം സാധൂകരിച്ച് നൽകാവുന്നതാണ് എന്നും, അപ്രകാരം സാധൂകരിച്ച് നൽകിക്കൊണ്ട് സുൽത്താൻ ബത്തേരി മാസ്റ്റർപ്ലാനിന്, 2016-ലെ കേരള നഗര-ഗ്രാമാസൂത്രണ ആക്റ്റ്, വകപ്പ്

36(8), 2021-ലെ കേരള നഗരഗ്രാമാസൂത്രണ (മാസ്റ്റർപ്ലാനിന്റെ രൂപീകരണവും അനുമതി നല്കലും) ചട്ടങ്ങളിലെ ചട്ടം 22, എന്നിവ പ്രകാരം അന്തിമ അനുമതി നൽകാവുന്നതാണ് എന്നും പരാമർശം (7) പ്രകാരം മുഖ്യനഗരാസൂത്രകൻ ശിപാർശ ചെയ്തിരിക്കുന്നു. 2021-ലെ കേരള നഗര-ഗ്രാമാസുത്രണ (മാസ്റ്റർപ്ലാനിന്റെ രൂപീകരണവും അനുമതി നൽകലും) ചട്ടങ്ങൾ നിലവിൽ വരുന്നതിന് മുൻപ് പ്രസിദ്ധീകരിച്ചതിനാൽ സുൽത്താൻ ബത്തേരി മാസ്റ്റർപ്ലാൻ തയ്യാറാക്കുന്നതിനുള്ള ഉദ്ദേശം ഫാറം 1-ൽ വിജ്ഞാപനം ചെയ്തിട്ടുള്ളതല്ല എന്ന വിവരം മുഖ്യനഗരാസൂത്രകൻ അറിയിച്ചിരിക്കുന്നു.

(5) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. മുഖ്യനഗരാസൂത്രകന്റെ ശിപാർശ, സുൽത്താൻബത്തേരി നഗരസഭയുടെ കൗൺസിൽ തീരുമാനം എന്നിവ പരിഗണിച്ച്, കരട് സുൽത്താൻ ബത്തേരി മാസ്റ്റർപ്ലാൻ അന്തിമ അനുമതിക്കായി മാസ്റ്റർപ്ലാൻ സർക്കാരിലേക്ക് അയക്കുന്നതിന് ഉണ്ടായ കാലതാമസം, കേരള നഗര-ഗ്രാമാസൂത്രണ നിയമം 2016, വകുപ്പ് 38 പ്രകാരം സാധൂകരിച്ച് നൽകിക്കൊണ്ട് സുൽത്താൻ ബത്തേരി മാസ്റ്റർപ്ലാനിന്, 2016-ലെ കേരള നഗര-ഗ്രാമാസൂത്രണ ആക്റ്റ്, വകുപ്പ് 36(8), 2021-ലെ കേരള നഗരഗ്രാമാസൂത്രണ (മാസ്റ്റർപ്ലാനിന്റെ രൂപീകരണവും അനുമതി നല്കലും) ചട്ടങ്ങളിലെ ചട്ടം 22, എന്നിവ പ്രകാരം അന്തിമ അനുമതി നൽകി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ശാരദ മുരളീധരൻ ഐ എ എസ്
അഡീഷണൽ ചീഫ് സെക്രട്ടറി

പകർപ്പ്

1. പ്രിൻസിപ്പൽ ഡയറക്ടർ, എൽ.എസ്.ജി.ഡി., തിരുവനന്തപുരം
2. മുഖ്യനഗരാസൂത്രകൻ (പ്ലാനിംഗ്), തിരുവനന്തപുരം
3. ജില്ലാ നഗരാസൂത്രകൻ, വയനാട് (മുഖ്യനഗരാസൂത്രകൻ മുഖേന)
4. സെക്രട്ടറി, സുൽത്താൻബത്തേരി നഗരസഭ
5. എക്സിക്യൂട്ടീവ് ഡയറക്ടർ, ഐ.കെ.എം
6. സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം
Signed by
Anilkumar C
Date: 17-05-2023 16:46:53
സെക്ഷൻ ഓഫീസർ